## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1152** **30.01.2018- ൽ മറുപടിക്ക്**

## പൊന്നംകോട് കരിയോട് റോഡ് പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. പി.ഉണ്ണി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊന്നംകോട് കരിയോട് റോഡ് പുനരുദ്ധാരണം നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; എന്നാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊന്നംകോട് കരിയോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടില്ല. എന്നാൽ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിനോട് ബന്ധപ്പെട്ട് കരിയോട് മുതൽ എളമ്പുലാശ്ശേരി വരെയുള്ള 2 കി.മീറ്റർ ദൂരം വരുന്ന പഞ്ചായത്ത്റോഡ് പി.ഡബ്ളിയു.ഡി. ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | മന്ത്രിസഭായോഗം പഞ്ചായത്ത് റോഡുകൾ തല്ക്കാലം ഏറ്റെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പൊന്നംകോട്-എളമ്പുലാശ്ശേരി റോഡ് (ലെഫ്. കേണൽ ഇ.കെ.നിരഞ്ജൻ സ്മാരക റോഡ്) പുനരുദ്ധാരണം നടത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ? | (സി) | ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ